HON'BLE MR. C. KESAVAN : (എ) ഇല്ല.

(ബി) ലാൻറ് ഡിപ്പാർട്ടുമെൻറിൻെറ മേധാവി.

(സി) ഇല്ല.

MR. N. P. VARGHIS : ഫുഡ് പ്രൊഡക്ഷൻ സർവ്വേ സ്റ്റാഫിൻെറ ജോലി തീർന്നോ എന്നു പറയാമോ ?

HON'BLE MR. C. KESAVAN : തീർന്നു എന്നാണ് തോന്നുന്നത്, അന്വേഷിച്ചു പറയാം.

നെല്ലുവിതരണം.

297. MR. N. P. VARGHIS : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പ് മന്ത്രി സദയം മറുപടി പറയുമോ ?

(എ) ഒരു പ്രദേശത്തിൽനിന്നും ഗവണ്മെൻറ് എടുക്കുന്ന നെല്ല് അവിടെയുള്ള റേഷൻ കടക്കാർക്ക് കൊടുക്കാതെ മറ്റു താലൂക്കുകളിലേക്ക് അയച്ചശേഷം, ആ പ്രദേശത്തിലെ ആവശ്യത്തിനു മറ്റു ദൂരസ്ഥലങ്ങളിൽ നിന്ന് നെല്ലുകൊടുത്തുവരുന്നതായി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

(ബി) അതിനാൽ കൂടുവടക്കാർക്ക് ട്രാൻസ്പോർട്ടിനായി ഒരു വലിയ സംഖ്യ ചെലവാകുന്നുണ്ടെന്നും ആ നഷ്ടം ഒടുവിൽ റേഷൻ വാങ്ങുന്ന പാവപ്പെട്ടവനാണ് സഹിക്കേണ്ടിവരുന്നതെന്നും ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ ?

(സി) ഇപ്രകാരം അനാവശ്യ ചെലവുകൾ വരുത്തിവയ്ക്കാത്തവണ്ണം താലൂക്കധികാരികൾക്ക് കർശനമായ നിർദ്ദേശങ്ങൾ കൊടുക്കുന്നതിനു ബഹുമാനപ്പെട്ട മന്ത്രിക്കു ഉദ്ദേശമുണ്ടോ ?

HON'BLE MR. K. M. KORAH : (എ) അപ്രകാരമുള്ള യാതൊരു പരാതികളും ഇതേവരെ ഗവണ്മെൻറിനു കിട്ടിയിട്ടില്ല. ഒരു പ്രദേശത്തിലെ വിതരണത്തിനാവശ്യമായ നെല്ലു കഴിയുന്നിടത്തോളം ആ പ്രദേശത്തിൽനിന്നുതന്നെ കൊടുത്തുവരുന്നു. എന്നാൽ ഒരു താലൂക്കിൽ അധികം വരുന്ന നെല്ല് അടുത്തുള്ള ഒരു താലൂക്കിലേക്കു നീക്കിവയ്ക്കുമ്പോൾ അടുത്തുള്ള ഒന്നോ രണ്ടോ പ്രദേശങ്ങളിൽ ആകെയുള്ള നീക്കിയിരിപ്പു മുഴുവനും കൊടുക്കേണ്ടതായിവരുകയും ചില സമയം ആ പ്ര

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. K. M. Korah]

തികളിലെ വിതരണത്തിനാവശ്യമായ സ്റ്റാക്ക് ആ താലൂക്കിലുള്ള മറ്റു പകുതികളിൽനിന്നു കൊണ്ടുവരേണ്ടതായി വരികയും ചെയ്യുന്നുണ്ട്.

(ബി) അതേ കാരണത്താൽതന്നെ ചെറിയ അളവുകളിൽ അസംഖ്യം പകുതികളിൽനിന്നും നെല്ല് കൊടുക്കുന്നതിന്റെ ഫലമായി വർദ്ധിച്ച ഗതാഗതച്ചെലവുകൾ കൊടുക്കേണ്ടിവരുന്നതിൽനിന്നും അടുത്തുള്ള താലൂക്കുകളിലെ കാഡ്രൽ മന്ഥന്മാരെ രക്ഷിക്കുന്നതിനു പ്രസ്തുത നടപടി ആവശ്യമായിത്തീരുന്നു.

(സി) എ-യും, ബി-യും ഭാഗത്തിന്റെ ഉത്തരങ്ങളെ പരിഗണിച്ചു ഈ ചോദ്യം ഉദിക്കുന്നില്ല.

ക്രൂഡോയിൽ കിട്ടാത്തതുമൂലം കൃഷിക്കാരുടെ വൈഷമ്യം.

298 MR. K. RAMAKRISHNA PILLAI : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) കുട്ടനാട്ടിലെ കൃഷിക്കാർ ക്രൂഡോയിൽ കിട്ടാതെ കാലാകാലങ്ങളിൽ വളരെ വിഷമം അനുഭവിക്കുന്നുണ്ടെന്ന വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

(ബി) ഉണ്ടെങ്കിൽ തൽപരിഹാരാർത്ഥം എന്തു നടപടി നടത്തിയിട്ടുണ്ട് ?

HON'BLE MR. K. M. KORAH : (എ) ഈ വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) അതിനു ആവശ്യമായ എല്ലാ നടപടികളും കൈക്കൊണ്ടിരിക്കുകയാണ്.

MR. K. RAMAKRISHNA PILLAI : ആ നടപടിയുടെ സ്വഭാവമെന്താണ് ?

HON'BLE MR. K. M. KORAH : കർഷകരുടെ ആവശ്യത്തിന് ക്രൂഡോയിൽ ഉടൻ തരുന്നതിനു ഇൻഡ്യാ ഗവണ്മെൻറിനും കമ്പനിക്കാർക്കും ടെലഗ്രാം അയച്ചിട്ടുണ്ട്. താമസംവിനാ കിട്ടുമെന്നു വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly